പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3334 18.02.2013- ലെ മറുപടി

വിവിധ ഗൾഫ് രാജ്യങ്ങളിൽ ജയിലുകളിൽ തടവിൽ കഴിയുന്ന മലയാളികളുടെ എണ്ണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) വിവിധ ഗൾഫ് രാജ്യങ്ങളിൽ ജയിലുകളിൽ തടവിൽ കഴിയുന്ന മലയാളികളുടെ കണക്ക് ലഭ്യമാണോ; | (എ) വിദേശ രാജ്യങ്ങളിൽ ജയിലിൽ അകപ്പെടുന്ന മലയാളികളുടെ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങൾ സംസ്ഥാന സർക്കാരിന് ലഭ്യമാക്കാറില്ല എന്നതിനാൽ വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ എത്ര മലയാളികൾ ഉണ്ട് എന്നതിനെ സംബന്ധിച്ച് കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല. |
| (ബി) ഇവരെ കേരളത്തിൽ തിരിച്ചുകൊണ്ടുവരാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (ബി) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മലയാളി സംഘടനകളിൽ നിന്നോ വ്യക്തികളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടു വന്ന് അവരുടെമോചനത്തിനു വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു.നാളിതുവരെ വളരെയധികം കേസുകളിൽ ഇടപെട്ട് നിരന്തര അന്വേഷണത്തിന്റെ ഫലമായി ഒട്ടനവധിപേരെ ജയിൽ മോചിതരാക്കിയിട്ടുണ്ട്. സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന ഏത് ജയിൽകേസിലും ഉടനടി നടപടി സ്വീകരിച്ച് സാധ്യമായ രീതിയിൽ പ്രശ്നപരിഹാരത്തിന് ശ്രമിച്ചുവരുന്നുണ്ട്. ചില സന്ദർഭങ്ങളിൽ എംബസിയുടെ പാനലിൽ നിന്നുള്ള അഡ്വക്കേറ്റുമാരുടെ സേവനം ലഭ്യമാക്കി മോചനം സാധ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ